

e-mail: city@kaumudi.com
സിറ്റി കൗമുദി
2011 ഡിസംബർ 10 ശനി

അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഉദ്ഘാടനത്തിന് നിശാഗന്ധിയിൽ എത്തിയ സിനിമാപ്രേമികൾ.
*ഫോട്ടോ: ജിതേഷ് ദാമോദർ*

## സ്പിരിറ്റ് ലോറി മുക്കിയ സംഭവം

# അഡീ.എസ്.ഐയടക്കം 3 പൊലീസുകാർ തെറിച്ചു

**എം.എച്ച്. വിഷ്ണു**

തിരുവനന്തപുരം: വ്യാജവിദേശമദ്യവുമായി വന്ന ലോറി മുക്കിയ സംഭവത്തിൽ പങ്കുള്ള അഡീ.എസ്.ഐയെയും രണ്ട് പൊലീസുകാരെയും സസ്പെൻഡ് ചെയ്തു. പാറശാല അഡീ.എസ്.ഐ വിനോദ്കുമാർ, സീനിയർ സിവിൽ പൊലീസ് ഓഫീസർ എം.ഐ.ഷാജി, ഡ്രൈവർ പ്രവീൺദാസ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

വേലിതന്നെ വിളവുതിന്നുന്നതിന് സമാനമായ സംഭവമാണ് ഉണ്ടായതെന്നും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി വേണമെന്നും സ്പെഷൽബ്രാഞ്ച് ദക്ഷിണമേഖലാ ഐ.ജി കെ.പദ്മകുമാറിന് റിപ്പോർട്ട് നൽകിയിരുന്നു. ഇതേത്തുടർന്ന് ലോറി മുക്കിയതിനെക്കുറിച്ചും കുറ്റക്കാരായ പൊലീസുകാരെക്കുറിച്ചും അന്വേഷണം പ്രഖ്യാപിച്ചു. ആറ്റിങ്ങൽ ഡിവൈ.എസ്.പി കെ.ഇ.ബൈജുവിനാണ് ഇതിന്റെ ചുമതല. മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദ്ദേശം.

ലക്ഷങ്ങൾ കോഴവാങ്ങി പൊലീസ് സ്പിരിറ്റ്ലോറി മുക്കിയ വിവരം കഴിഞ്ഞ ചൊവ്വാഴ്ച 'സിറ്റികൗമുദി' മുഖ്യവാർത്തയായി നൽകിയിരുന്നു. ഇതേത്തുടർന്നാണ് രഹസ്യാന്വേഷണ വിഭാഗവും എക്സൈസ് ഇന്റലിജൻസും അന്വേഷണം ആരംഭിച്ചതും കുറ്റക്കാരായ പൊലീസുകാർക്കെതിരെ നടപടി വന്നതും.

കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ തമിഴ്നാട്ടിൽ നിന്ന് 20,000 കുപ്പിയോളം വ്യാജമദ്യവുമായെത്തിയ നാഷണൽ പെർമിറ്റ് ലോറി പാറശ്ശാലയ്ക്കടുത്ത് കാഞ്ഞിരമ്മൂട്ട് കടവിൽ വച്ച് പൊലീസുകാർ പിടിച്ചെടുത്ത ശേഷം വിട്ടുകൊടുത്തത്. സ്പിരിറ്റ് വേട്ടയ്ക്ക് ദൃക്സാക്ഷികളായ നാട്ടുകാർ രാവിലെ സ്റ്റേഷനിൽ സ്പിരിറ്റ് ലോറി കാണാനെത്തിയപ്പോഴാണ് ആടുകിടന്നിടത്ത് പൂടപോലുമില്ലെന്ന് തിരിച്ചറിഞ്ഞത്. പിടിച്ചത് പച്ചക്കറിയും കുലകളും കൊണ്ടുവന്ന ലോറിയാണെന്നും രേഖകൾ പരിശോധിച്ച് വിട്ടയച്ചെന്നുമാണ് അഡീ.എസ്.ഐയും മൊഴി നൽകി. എന്നാൽ പച്ചക്വാളിസിൽ സ്പിരിറ്റ്ലോറിക്ക് എസ്കോർട്ട് വന്ന അബ്കാരിയാണ് വൻതുക കോഴ നൽകി ലോറി കടത്തിയതെന്ന് സ്പെഷൽബ്രാഞ്ച് കണ്ടെത്തി. ഇടപാട് ഉറപ്പിച്ച് ലോറി വിട്ടുകൊടുത്ത ശേഷം അഡീ.എസ്.ഐയും സംഘവും സ്റ്റേഷൻ അതിർത്തി കടക്കും വരെ ലോറിക്ക് എസ്കോർട്ടും നൽകി.

കാട്ടാക്കടയ്ക്ക് പോകേണ്ട ലോറിക്ക് വഴിതെറ്റിയെന്നും 'നേർവഴി' കാട്ടാൻ തങ്ങൾ പിറകെ പോയെന്നുമാണ് പൊലീസുകാർ പറഞ്ഞത്. ഒരു വലിയ കയറ്റം കയറിപ്പോൾ ലോറി അപ്രത്യക്ഷമായത്രേ.

സിറ്റി IMPACT


ഒരു ലോറി സ്പിരിറ്റ്
പൊലീസ് മുക്കി

ഡിസംബർ ആറിന് സിറ്റികൗമുദി പ്രസിദ്ധീകരിച്ച മുഖ്യവാർത്ത


സിറ്റി കൗമുദി 08
പൊലീസ് മുക്കിയ ലോറിയിൽ
അരക്കോടിയുടെ വ്യാജമദ്യം

ഡിസംബർ എട്ടിന്റെ മുഖ്യവാർത്ത

### എസ്.ഐ—ഡ്രൈവർ ഭായിഭായി

**പാ**റശ്ശാലയിൽ രാത്രി പട്രോളിംഗിനുണ്ടായിരുന്ന അഡീ.എസ്.ഐയെ പുലർച്ചെ ഡ്യൂട്ടി കഴിഞ്ഞ് പിരിഞ്ഞ ശേഷം ഡ്രൈവർ 12 തവണയാണ് ഫോണിൽ വിളിച്ചത്. അതും സൗജന്യമായി പരസ്പരം വിളിക്കാവുന്ന ഔദ്യോഗിക നമ്പർ ഒഴിവാക്കി. അഡീ.എസ്.ഐയുടെ ഡ്യുവൽ ഫോണിലെ കള്ളനമ്പറിലേക്കാണ് വിളിവന്നത്. പത്തുമിനിറ്റിലേറെ ദൈർഘ്യമുള്ള കോളുകളായിരുന്നു ഓരോന്നും.

സ്റ്റേഷനിലെ ചില കാര്യങ്ങൾ പറയാനാണെന്നാണ് അഡീ.എസ്.ഐയെ വിളിച്ചതെന്നാണ് ഡ്രൈവറുടെ മൊഴി. എട്ടു മണിക്കൂറോളം ഒരുമിച്ച് ഡ്യൂട്ടിയെടുത്തിട്ടും പറയാൻ മറന്ന എന്തു സ്റ്റേഷൻ കാര്യമാണെന്ന അന്വേഷകരുടെ ചോദ്യത്തിന് മുന്നിൽ പൊലീസുകാരൻ കുഴങ്ങി. ഞായറാഴ്ച പുലർച്ചെ നാലു മണിക്ക് അഡീ.എസ്.ഐയുടെ ഫോണിലേക്ക് പ്രദേശത്തെ മണൽമാഫിയ തലവന്റെ കോളും വന്നിരുന്നു.

ഇതേത്തുടർന്നാണ് ലോറി വിട്ടുനൽകി ഉള്ളതുട്ട് പോക്കറ്റിലിടാൻ ധാരണയായത്.

### കേസ് തീരുംമുൻപ് തിരിച്ചെടുക്കാൻ കോഴ ലക്ഷങ്ങൾ

**ന**ഗരത്തിനടുത്ത് വൻസ്പിരിറ്റ് കേസിലകപ്പെട്ട് സസ്പെൻഷനിലായ എക്സൈസ് ഉദ്യോഗസ്ഥൻ പാറശ്ശാല സംഭവത്തിലും പ്രതിസ്ഥാനത്തുണ്ട്. നഗരപ്രാന്തത്തിൽ സ്വന്തം ഡിസ്റ്റിലറി സ്ഥാപിച്ച് ശിവകാശിയിൽ നിന്ന് മദ്യലേബലുകളെത്തിച്ച് ബോട്ടിലിംഗ് നടത്തിയ കേസിലാണ് ഇയാൾ ഉൾപ്പെട്ടത്. സ്പിരിറ്റ് ലോബിക്ക് ഒത്താശ ചെയ്തത് വെളിവായതിനെത്തുടർന്ന് ഇയാളെ സസ്പെൻഡ് ചെയ്തു. കേസിന്റെ അന്വേഷണം തീരുംമുൻപ് ഇയാളെ തിരിച്ചെടുത്തു.

മൂന്നാഴ്ച മുൻപായിരുന്നു ഇയാളെ സർവ്വീസിൽ തിരികെയെടുത്ത് അയൽജില്ലയിൽ നിയമിച്ചത്.

കേസ് തീരുംമുൻപ് തിരികെയെടുക്കാൻ എക്സൈസ് ഉന്നതനെ സ്വാധീനിക്കാൻ തലസ്ഥാനത്തെ ഐ.പി.എസ് ഇല്ലാത്ത ഒരു എസ്.പിക്ക് ഇയാൾ ഒരു ലക്ഷം രൂപ കൈക്കൂലി നൽകിയതായി രഹസ്യാന്വേഷണ വിഭാഗത്തിന് വിവരം ലഭിച്ചിട്ടുണ്ട്. ഇതേക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ട്.

പാറശ്ശാലയിൽ ചെക്ക് പോസ്റ്റ് വെട്ടിച്ച് സ്പിരിറ്റ് കടത്താൻ ആറ്റുവക്കിൽ വസ്തു വാങ്ങിയതിനെക്കുറിച്ച് എക്സൈസ് ഇന്റലിജൻസും അന്വേഷിക്കുന്നുണ്ട്.

### ലോറിയുടെ പൊടിയില്ല, പച്ച ക്വാളിസിന്റെ പൂരം

**പാ**റശ്ശാലയിൽ സ്പിരിറ്റ് ലോറി വിട്ടുനൽകിയത് പച്ചക്വാളിസിൽ വന്ന സംഘത്തിനാണെന്ന് വ്യക്തമായതിനെത്തുടർന്ന് സ്പിരിറ്റ് മാഫിയകളുടെ വാഹനങ്ങളെക്കുറിച്ച് പൊലീസ് അന്വേഷിച്ചു. നഗരത്തിലും പരിസരത്തുമായി ഏഴ് മാഫിയാതലവന്മാരുടെ വാഹനം പച്ചക്വാളിസാണെന്ന് കണ്ടെത്തി. കാഞ്ഞിരമ്മൂട്ട് കടവിലെ ഇഷ്ടികക്കളത്തിൽ നിന്ന് അപ്രത്യക്ഷമായ ലോറിക്കായി പൊലീസും എക്സൈസും വ്യാപകമായി തെരച്ചിൽ നടത്തുന്നുണ്ടെങ്കിലും ഫലമില്ല.



മേളയ്ക്കെത്തിയ ഡെലിഗേറ്റ്

## ഒരു വിമാനം പൊങ്ങുന്ന റൺവേയിലേക്ക് മറ്റൊന്ന് ഇറങ്ങി

### 300 മീറ്റർ ദൂരത്തിൽ വൻദുരന്തം ഒഴിവായി

# മഹാഭാഗ്യം

തിരുവനന്തപുരം: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം, വെള്ളിയാഴ്ച രാവിലെ 11.10. റൺവേയിൽ മണിക്കൂറിൽ 250 കിലോമീറ്റർ വേഗതയിൽ ദുബായിലേക്കുള്ള എമിറേറ്റ്സ് വിമാനം പറന്നുപൊങ്ങാനൊരുങ്ങുന്നു. അതേ റൺവേയുടെ മറുവശത്ത് 300 കിലോമീറ്ററിലേറെ വേഗതയിൽ ശ്രീലങ്കയിൽ നിന്നുള്ള ശ്രീലങ്കൻ എയർലൈൻസ് വിമാനം പറന്നിറങ്ങുന്നു.

രണ്ട് വലിയ വിമാനങ്ങൾ തമ്മിലുള്ള ദൂരം വെറും 300 മീറ്റർ. തലസ്ഥാനം ഇന്നുവരെ കണ്ടിട്ടില്ലാത്ത ദുരന്തം നിമിഷങ്ങളുടെ ബലത്തിലാണ് ഒഴിവായത്. ഭാഗ്യത്തിന്റെ വലിയ ബലം കൊണ്ട് 400ഓളം യാത്രക്കാർ സുരക്ഷിതരായി. എമിറേറ്റ്സ് റൺവേയുടെ പകുതി പിന്നിട്ടപ്പോഴാണ് ലങ്കൻവിമാനം പറന്നിറങ്ങിയത്. സംഭവത്തെക്കുറിച്ച് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ) അന്വേഷണം തുടങ്ങി.

### സംഭവം ഇങ്ങനെ

സംഭവം നടക്കുമ്പോൾ എമിറേറ്റ്സിന്റെ ചക്രങ്ങൾ ഗ്രൗണ്ട് വിട്ടിട്ടുണ്ടായിരുന്നില്ല. എൻജിനിന് പൂർണശക്തി നൽകി ബ്രേക്കുകളെല്ലാം ഒഴിവാക്കി ടേക്ക്ഓഫിനുള്ള 600 കിലോമീറ്റർ\ മണിക്കൂർ സ്പീഡിലേക്കുള്ള ഒരുക്കത്തിലായിരുന്നു എമിറേറ്റ്സ് പൈലറ്റ്. ടേക്ക്ഓഫിനു മുൻപ് അതീവ ജാഗ്രതയിലായിരിക്കും പൈലറ്റുമാർ. എൻജിനിൽ എന്തെങ്കിലും തകരാറ് തോന്നുകയോ റൺവേയിൽ അസ്വാഭാവികമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ ഉടനടി എൻജിൻ നിറുത്തേണ്ടതുണ്ട്. അസ്വാഭാവികത ശ്രദ്ധയിൽപ്പെട്ടാൽ ടേക്ക് ഓഫ് വേണ്ടെന്നുവയ്ക്കുന്നതാണ് സുരക്ഷാതത്വം. ഓരോ വിമാനം പുറപ്പെടുമ്പോഴും ഇതിനുള്ള തയ്യാറെടുപ്പിലായിരിക്കും വൈമാനികരും വിമാനത്താവള അധികൃതരും. ഈ ജാഗ്രതാ സമയത്താണ് ശ്രീലങ്കൻ എയർലൈൻസ് വിമാനം ഇതേ റൺവേയിൽ ലാൻഡിംഗ് നടത്തിയത്. വിമാനം എന്നല്ല റൺവേയിൽ തടസമായി ലാൻഡിംഗ് സമയത്ത് ഒന്നും ഉണ്ടാകരുത് എന്നാണ് ലോകം മുഴുവനും അംഗീകരിച്ച ചട്ടം. അല്ലെങ്കിൽ റൺവേയിൽ അപകടസാദ്ധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകണം. ഇവിടെ അതുമുണ്ടായില്ല.

ഗ്രൗണ്ട്ക്ലിയറൻസ് ലഭിച്ച ശേഷമാണ് ലങ്കൻ പൈലറ്റിനെ ഞെട്ടിച്ച് റൺവേയിൽ മറ്റൊരു വിമാനം കണ്ടത്. പരിചയസമ്പന്നരായ രണ്ടു പൈലറ്റുമാരും യഥാവിധി പ്രവർത്തിച്ചതിനാൽ അപകടം വഴുതിമാറുകയായിരുന്നു. എമിറേറ്റ്സിന്റേത് 320 സീറ്റുള്ള ബോയിംഗും എയർ ലങ്കയുടേത് എയർബസ്– 320 വിമാനവുമായിരുന്നു. രണ്ടും വലിയ വിമാനങ്ങളായിരുന്നു.

### തികഞ്ഞ നിഷ്ക്രിയത്വം

എയർ ട്രാഫിക് കൺട്രോൾ വിഭാഗത്തിന്റെ പിഴവാണ് ആശങ്കയ്ക്ക് കാരണമെന്ന് വ്യക്തമാണ്. സേഫ് ലാൻഡിംഗ് നടത്തിയ ശേഷം എയർലങ്കയുടെ പൈലറ്റ് എ.ടി.സിയിലെത്തി പൊട്ടിത്തെറിച്ചു. ഒരു വിമാനം റൺവേ വിടും മുൻപേ മറ്റൊന്നിന് ലാൻഡിംഗ് അനുമതി നൽകിയ ശേഷം പോലും സുരക്ഷയൊരുക്കാൻ മാർഗമുണ്ട്. ലാൻഡിംഗ് തുടങ്ങുമ്പോൾ റൺവേ ക്ലിയർ അല്ലെങ്കിൽ ആകാശത്തു വട്ടമിട്ടു പറക്കാൻ പൈലറ്റിനോട് നിർദ്ദേശിക്കാം. ഇത്തരമൊരു മുന്നറിയിപ്പ് ലങ്കൻ പൈലറ്റിന് നൽകിയിരുന്നില്ല. പറന്നുപൊങ്ങുന്ന എമിറേറ്റ്സ് വിമാനത്തിന്റെ പൈലറ്റ് എയർ ലങ്കയുടെ ലാൻഡിംഗ് ശ്രദ്ധിച്ച് വേഗംകുറച്ചെങ്കിൽ അപകടം ഉറപ്പായിരുന്നു. തിരക്കേറിയ ഡൽഹി, മുംബയ് വിമാനത്താവളങ്ങളിൽ ഇത്തരം സംഭവങ്ങൾ പതിവാണെന്നാണ് എയർപോർട്ട് അധികൃതർ നൽകുന്ന വിശദീകരണം. അവിടെ ഇത്തരം മുന്നറിയിപ്പ് നൽകുന്ന കാര്യം അധികൃതർ വിസ്മരിക്കുന്നു.

### അന്വേഷണം തുടങ്ങി

എയർലങ്ക വിമാനത്തിലെ പൈലറ്റിന്റെ പരാതിപ്രകാരം ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ) അന്വേഷണം ആരംഭിച്ചിട്ടുണ്ട്. എയർ ട്രാഫിക് കൺട്രോൾ വിഭാഗത്തിൽ നിന്ന് വിമാനങ്ങളിലേക്ക് നൽകിയ നിർദ്ദേശങ്ങളുടെ ടേപ്പ് പിടിച്ചെടുത്ത് സീൽ ചെയ്യാൻ ഡി.ജി.സി.എ നിർദ്ദേശിച്ചു. കൊച്ചിയിൽ നിന്നുള്ള ഡി.ജി.സി.എ ഉദ്യോഗസ്ഥർ തലസ്ഥാനത്തെത്തി വിമാനത്താവള അധികൃതരെയും എ.ടി.സി ജീവനക്കാരെയും ചോദ്യംചെയ്യും.



## വലിയതുറ സ്കൂളിന് പരിമിതികളുടെ ചാകര!

**അയൂബ്ഖാൻ**

കോവളം : കഴിഞ്ഞ കുറെ വർഷങ്ങളായി നൂറു ശതമാനം വിജയം കൊയ്യുന്ന സ്കൂളാണ്. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്കൂൾ ആയതുകൊണ്ടാവാം ഇത്രയും അവഗണന.

വലിയതുറയിലെ ഫിഷറീസ് ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 120 ഓളം ഹൈസ്കൂൾ വിദ്യാർത്ഥികളും 100 വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുമാണ് പഠിക്കുന്നത്.

തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്ന ഇവിടെ രണ്ട് കോഴ്സുകളാണ് ഉള്ളത്. ഫിഷ് പ്രൊസസിംഗ് ടെക്നോളജിയും ക്രാഫ്റ്റ് ആൻഡ് ഗിയർ ടെക്നോളജിയും. നാല് ക്ലാസ് റൂം വേണ്ട ഇവർക്ക് ഇവിടെ ആകെ യുള്ളത് ഒരു ക്ലാസ് റൂം. ഒരു വർക്ക് ഷെഡുള്ളതിനെ ക്ലാസ് റൂമാക്കി മാറ്റിയാണ് അദ്ധ്യാപകർ പഠിപ്പിക്കുന്നത്. നാലോളം ലാബുകൾ വേണ്ട ഇവിടെ ലാബ് എന്നു വിളിക്കാവുന്ന തരത്തിലുള്ള ഒരു സംവിധാനമാണുള്ളത്. പഠിപ്പിക്കുന്ന ഷെഡിനു മുകളിലെ തകര മേൽക്കൂരകൾ ഇളകി തകർന്നിരിക്കുന്നു. സൂര്യപ്രകാശവും മഴയും ക്ലാസ് റൂമുകളിൽ നേരിട്ട് പതിക്കുന്ന അവസ്ഥയോടൊപ്പം ഷീറ്റുകൾ തലയിൽ വീഴുമെന്ന പേടിയോടുകൂടിയാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും ഇരിക്കുന്നത്.

120 വിദ്യാർത്ഥികൾ പഠിക്കുന്ന ഹൈസ്കൂൾ സെക്ഷൻ പ്രവർത്തിക്കുന്നത് കാലപ്പഴക്കം കൊണ്ട് ദ്രവിച്ച് ചോർന്നൊലിക്കുന്ന കെട്ടിടത്തിൽ. പണ്ടുകാലത്ത് പോർട്ട് വകുപ്പിന്റെ ഗോഡൗൺ ആയി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിലാണ് സ്കൂൾ ഇന്നും പ്രവർത്തിക്കുന്നത്. റസിഡൻഷ്യൽ സ്കൂൾ ആയതിനാൽ ഇവിടെ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ജില്ലാ പഞ്ചായത്തിന്റെ വക ഫണ്ടായ 11 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച പുതിയ ഹോസ്റ്റലും നിർമ്മാണത്തിലെ അപാകത കാരണം ചോർന്ന് ഒലിക്കുന്ന അവസ്ഥയിലാണ്. കുട്ടികളുടെ ആഹാര സാധനങ്ങൾ സൂക്ഷിക്കുന്ന സ്റ്റോർ റൂമിൽ മുകൾ നിലയിലെ ടോയ്ലറ്റിൽ നിന്നുള്ള വെള്ളം ചോർന്ന് വീഴുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന ആശങ്കയിലാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും. അഞ്ച് ഡിവിഷനുകൾ വേണ്ട സ്കൂളിൽ നിലവിൽ മൂന്ന് ഡിവിഷനുകളാണുള്ളത്. ഇതുകാരണം ഇംഗ്ലീഷ്, ജീവശാസ്ത്രം എന്നിവ പഠിപ്പിക്കാൻ അദ്ധ്യാപകരില്ല. എന്നിട്ടും ഉള്ള അദ്ധ്യാപകരെ വച്ച് കഴിയുന്ന രീതിയിൽ ആത്മാർത്ഥതയോടെ പഠിപ്പിക്കുന്നതിനാൽ കഴിഞ്ഞ അഞ്ചുവർഷമായി നൂറുശതമാനം വിജയവുമായി തല ഉയർത്തി നിൽക്കുകയാണ് സ്കൂൾ.

ഒന്നര ഏക്കറോളം സ്ഥലത്താണ് സ്കൂൾ നിലനിൽക്കുന്നത്. ആവശ്യത്തിന് സ്ഥലമുണ്ടായിരുന്നിട്ടും പുതിയ ക്ലാസ് റൂമുകൾ, ലാബുകൾ എന്നിവ നിർമ്മിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകാത്തതാണ് സ്കൂളിന്റെ ദുരവസ്ഥയ്ക്ക് കാരണം. സ്കൂളിൽ ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരില്ലാത്തത് കാരണം വിദ്യാർത്ഥികൾക്ക് കായികപരമായി വളരാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കായികപരമായി വളരാൻ കഴിവുള്ള നിരവധി വിദ്യാർത്ഥികൾ ഇവിടെ ഉണ്ട്.

സ്കൂളിന്റെ മതിലിനോട് ചേർന്ന് റോഡ് സൈഡിലാണ് കോർപ്പറേഷന്റെ മാലിന്യ കളക്ഷൻ കേന്ദ്രം. ഇതിന്റെ നാറ്റം ക്ലാസ് മുറികളിൽ നിറഞ്ഞു നിൽക്കും. സ്കൂളിന്റെ മുന്നിൽ നിന്നും ഇത് മാറ്റണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ല.





സ്കൂളിന്റെ മേൽക്കൂര തകർന്ന നിലയിൽ

### 2 കോടി അനുവദിച്ചിട്ടും ഒന്നും നടക്കുന്നില്ല

13–ാം ധനകാര്യ പദ്ധതിയിൽപ്പെടുത്തി ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യമേർപ്പെടുത്താനുമായി 2 കോടി രൂപ വീതം അനുവദിച്ചിട്ട് ഒരു വർഷമായി. ഹാർബർ എൻജിനിയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും മറ്റ് നടപടികളൊന്നുമുണ്ടായില്ല. ഇതോടൊപ്പം ജില്ലാ പഞ്ചായത്ത് വക 7 ലക്ഷം രൂപ സ്കൂളിന്റെ മേൽക്കൂര നിർമ്മാണത്തിനനുവദിച്ചെങ്കിലും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ അവഗണന കാരണമാണ് വികസനം മുരടിച്ചതെങ്കിൽ ഇപ്പോൾ ആസൂത്രണത്തിലെ അപാകതകളാണ് തിരിച്ചടിയാകുന്നത്. ഇപ്പോൾ സ്ഥലം എം.എൽ.എ കൂടിയായ മന്ത്രി വി.എസ്. ശിവകുമാർ സ്കൂൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ ഉടൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കും എന്ന് നൽകിയ ഉറപ്പിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ് വിദ്യാർത്ഥികളും രക്ഷിതാക്കളും. അതോടൊപ്പം തീരദേശ മേഖലയായ പെരുമാതുറ മുതൽ പൂവാർ വരെയുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ എത്താൻ ഈ റൂട്ടിൽ മതിയായ സർക്കാർ ബസുകൾ അനുവദിക്കാനും മന്ത്രി തയ്യാറാകും എന്ന പ്രതീക്ഷയിലാണ് ഇവർ.



## റെയിൽവേ സ്റ്റേഷനിലെ പൊലീസ് സാന്നിദ്ധ്യം കുറയുന്നു

**പ്രത്യേകലേഖകൻ**

തിരുവനന്തപുരം: റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പൊലീസ് സാന്നിദ്ധ്യം നാമമാത്രമാവുന്നു. എസ്. ഐമാരെ 'പിടികൂടാൻ' പുതിയ റെയിൽവെ എസ്.പി എടുത്ത നടപടിയാണ് ഇതിന് നിമിത്തമായത്. ഇത് റെയിൽവേ സ്റ്റേഷനുകളിലെയും ട്രെയിനുകളിലെയും യാത്രക്കാരുടെ സുരക്ഷയെ ബാധിക്കുന്നതായും ആക്ഷേപമുയർന്നിട്ടുണ്ട്.

എല്ലാ റെയിൽവേ പൊലീസ് എസ്. ഐമാരും രാവിലെ എട്ടുമണിക്കും രാത്രി ഒമ്പതുമണിക്കും സ്റ്റേഷനിലെ ലാന്റ്ഫോണിൽനിന്ന് തന്നെ വിളിക്കണമെന്നാണ് എസ്.പിയുടെ നിർദ്ദേശം.

രാവിലെ എട്ടുമണിയോടെയാണ് റെയിൽവേ സ്റ്റേഷനുകളിൽ തിരക്കുണ്ടാവുക. ആ സമയത്ത് എസ്. ഐയും പൊലീസുകാരും സ്റ്റേഷനുകളിലായിരിക്കും. എസ്.പി വിളിക്കുമ്പോൾ കൃത്യമായി മറുപടി നൽകിയില്ലെങ്കിൽ പിന്നെ 'പൊടിപൂര'മാവുമെന്നാണ് പൊലീസുകാരുടെ ആക്ഷേപം. അതൊഴിവാക്കാൻ പാറശ്ശാല മുതൽ കാസർകോടുവരെയുള്ള റെയിൽവേ പൊലീസ് സ്റ്റേഷനുകളിൽ എസ്.പിയെ വിളിക്കേണ്ട സമയത്ത് മുഴുവൻപേരും സ്റ്റേഷനുകളിലുണ്ടാവും.

ഇപ്പോൾ, ഇക്കാര്യം കള്ളൻമാർക്കും അറിയാമെന്നാണ് പൊലീസുകാർ സമ്മതിക്കുന്നത്. ആ സമയത്താണ് ഏറ്റവും കൂടുതൽ മോഷണം, പിടിച്ചുപറി ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നടക്കുന്നത്.ചെറിയചെറിയ മോഷണങ്ങളും കുറ്റകൃത്യങ്ങളും ആയതിനാലും പരാതിപ്പെടാൻ നിന്നാൽ ട്രെയിൻ പോവുമെന്നതിനാലും അധികംപേരും പരാതിപ്പെടാറില്ല. പരാതിപ്പെടണമെങ്കിൽ സ്റ്റേഷൻ കണ്ടുപിടിച്ച് അവിടെ പോകേണ്ടിവരും എന്നതും യാത്രക്കാരെ പിന്നോട്ടുവലിക്കുന്നു.

മുമ്പ്,ട്രെയിനിലും സ്റ്റേഷനുകളിലും എസ്. ഐയുടെ നേതൃത്വത്തിൽ പൊലീസ് സംഘം ശക്തമായി നിലയുറപ്പിച്ചിരുന്നു.കള്ളൻമാരെയും അക്രമികളെയുമൊക്കെ പൊലീസ് ഓടിച്ചിട്ട് പിടിക്കുന്നതിന് പലപ്പോഴും യാത്രക്കാർ സാക്ഷിയായിരുന്നുവെന്നുമാത്രമല്ല, അവർ പൊലീസിനെ പിന്തുണയ്ക്കുകയും ചെയ്തിരുന്നു.

സാധാരണ ലോക്കൽ പൊലീസ് സ്റ്റേഷനുകളിൽ എസ്. ഐ അവിടെ ഇരിക്കേണ്ടത് ആവശ്യമാണ്. അവിടങ്ങളിൽ പരാതിയാണ് കൂടുതലും ലഭിക്കുക. അത് സ്വീകരിച്ച് നടപടി എടുക്കേണ്ടത് ആവശ്യമാണ്. എന്നാൽ, റെയിൽവേ പൊലീസ് സ്റ്റേഷനുകളിൽ അപൂർവമായേ പരാതികൾ ലഭിക്കാറുള്ളൂ. അതുകൊണ്ട് അവിടെ ഇവർ എസ്.പിക്കായി ഫോണിനുമുന്നിൽ കാത്തിരിക്കുമ്പോൾ അപകടത്തിലാവുന്നത് ട്രെയിൻ യാത്രക്കാരുടെ സുരക്ഷയാണ്.

മുമ്പ് റെയിൽവേ പൊലീസിലേക്കുവരാൻ എസ്. ഐമാർക്കും പൊലീസുകാർക്കും വലിയ താല്പര്യമായിരുന്നു. കൈക്കൂലി വാങ്ങാൻ താല്പര്യമില്ലാത്തവരും രാഷ്ട്രീയ ഇടപെടലുകൾക്ക് വഴങ്ങാൻ ഇഷ്ടമില്ലാത്തവരുമായ ചെറുപ്പക്കാർ ഇവിടം തിരഞ്ഞെടുത്തിരുന്നു. ഇപ്പോൾ, ഇവിടെനിന്ന് എസ്. ഐമാരും പൊലീസുകാരും സ്ഥലംവിടുകയാണ്. റെയിൽവേ ഡി,സി. ആർ.ബി എസ്. ഐ. എ എസ് ഐ എന്നിവർ പോയിക്കഴിഞ്ഞു.കാസർകോട് എസ്. ഐ മെഡിക്കൽ ലീവിലാണ്..









ജയാബച്ചൻ തലസ്ഥാനത്തെത്തിയപ്പോൾ

## ചലച്ചിത്രോത്സവം ആദ്യ ദിനം

# ധിം തരികിട ധോം...

**കോവളം സതീഷ്കുമാർ**

തിരുവനന്തപുരം: അന്താരാഷ്ട്ര ചലച്ചിത്രോത്സവം ആദ്യ ദിനം തന്നെ പാളി. അടി, ഇടി, ചവിട്ട്, പോരിനുവിളി, സമരം, മുദ്രാവാക്യം വിളി, ഒടുവിൽ പൊലീസ് ഇടപെടൽ എല്ലാം കൊണ്ടും ഒരു ആക്ഷൻ സിനിമയുടെ മട്ടും ഭാവവുമായിരുന്നു മേളയ്ക്ക്. ഡെലിഗേറ്റ് പാസിനായി രജിസ്റ്റർ ചെയ്തവർക്ക് പാസില്ല. പാസ് കിട്ടിയവർക്ക് ഫെസ്റ്റിവൽ ബുക്കില്ല. ബുക്ക് കിട്ടിയവർക്ക് സഞ്ചി യില്ല... ഇതൊക്കെ ആരോട് ചോദിക്കാൻ? മാദ്ധ്യമ പ്രവർത്തകർക്കു പോലും ഇന്നലെ ഫെസ്റ്റിവൽ ബുക്ക് കിട്ടിയില്ല.

ഇന്നലെ കലാഭവനിലായിരുന്നു സംഘട്ടന രംഗം അരങ്ങേറിയത്. ഒരിടത്ത് ഫെസ്റ്റിവലിന് പാസിനായി നേരത്തെ ഓൺലൈനിൽ ബുക്ക് ചെയ്തിരുന്നവരുടെ നീണ്ട ക്യൂ. മറ്റൊരിടത്ത് ഡെലിഗേറ്റ് പാസ് കിട്ടിയവർ ഫെസ്റ്റിവൽ ബുക്കിനും മറ്റുമായി തിരക്കു കൂട്ടി. ഇതൊക്കെ എടുത്തുകൊടുക്കാൻ മതിയായ സംവിധാനം കലാഭവനിൽ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

കുറച്ചു പേർക്ക് വിതരണം ചെയ്തപ്പോൾ തന്നെ, ഫെസ്റ്റിവൽ ബുക്കും സഞ്ചിയുമൊക്കെ തീർന്നു. ക്യൂ നിന്നു തളർന്ന ഡെലിഗേറ്റുകൾക്ക് കലിയിളകി. അവർ മുന്നിലേക്ക് തള്ളിക്കയറി. കലാഭവനിലെ ജീവനക്കാർ ഇതിനെ തടയാനെത്തി . തുടർന്ന് ഉന്തലും തള്ളലും. ഇതിനിയിൽ ഡെലിഗേറ്റുകളുടെ പേരു വിവരം എന്റർ ചെയ്യാൻ ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ നിലത്ത് വീണു.

ഇതിനിടയിൽ പുതിയതായി എത്തിയ ഫെസ്റ്റിവൽ ബുക്കുകൾ ജീവനക്കാർ ഓഫീസിനുള്ളിലേക്കു കൊണ്ടു പോയപ്പോൾ ഡെലിഗേറ്റുകൾ പ്രതിഷേധമുദ്രാവാക്യങ്ങളുമായി കലാഭവനു മുന്നിൽ കുത്തിയിരുന്നു. ഉടനെ തന്നെ കെ. എസ്. എഫ്. ഡി. സിയുടെ വൈസ് ചെയർമാൻ ഇടവേള ബാബു ബുക്ക് കെട്ടുകൾ ഓഫീസിനു മുന്നിലേക്കു വലിച്ചെറിഞ്ഞു. അപ്പോഴേക്കും പോലീസ് എത്തിക്കഴിഞ്ഞിരുന്നു. ഒടുവിൽ പൊലീസ് കോർപ്പറേഷൻ ഭാരവാഹികളുമായി ചർച്ച നടത്തി ബുക്കുകൾ വിതരണം ചെയ്തു. വളരെ കുറച്ചു ബുക്ക് മാത്രമാണ് ഉണ്ടായിരുന്നത്. അതു കൊണ്ടു തന്നെ കിട്ടാത്തവർ മന്ത്രി ഗണേഷ്കുമാറിനെതിരെ മുദ്രവാക്യം വിളിച്ചു.

സിനിമയുടെ ഷെഡ്യൂളുകളിലും മറ്റും മാറ്റം വന്നതുകൊണ്ടാണ് ബുക്കിന്റെ അച്ചടി വൈകാൻ കാരണമെന്നാണ് പറയപ്പെടുന്നത്. പക്ഷേ അടുക്കും ചിട്ടയോടും നടക്കേണ്ട മേളയിൽ ഇതൊന്നും പറഞ്ഞിട്ടു കാര്യമില്ല. 400 രൂപ കൊടുത്ത് പേര് രജിസ്റ്റർ ചെയ്തിട്ട് പാസു കിട്ടാനും ബുക്കു കിട്ടാനുമൊക്കെ സമരം ചെയ്യണോ?

കൈരളിയിലായിരുന്നു മാദ്ധ്യമ പ്രവർത്തകർക്കുള്ള ഫെസ്റ്റിവൽ കിറ്റ് നൽകുമെന്നറിയിച്ചിരുന്നത്. അത് അന്വേഷിച്ചെത്തിയവരോട് ''വൈകിട്ടേ എത്തത്തുള്ളൂ..'' എന്ന മറുപടിയാണ് ലഭിച്ചത്.

### കൊള്ളയടിക്കുന്നേ...

**മേ**ളയുടെ പ്രധാന വേദിയായ കൈരളി തീയേറ്ററിൽ എത്തി ഒരു ചായ കുടിക്കാമെന്നു കൊതിച്ചാൽ തീർന്നു രൂപ 10 കൊടുക്കണ്. രണ്ടു രൂപതുട്ടിന്റെ വലിപ്പത്തിലുള്ള വടയ്ക്കു കൊടുക്കണം 10 രൂപ.

ചായയുടെ കാര്യത്തിൽ മാത്രമല്ല കൊള്ളയടി പച്ച വെള്ളം പോലും കഴുത്തറുപ്പൻ വിലയ്ക്കാണ് വിൽക്കുന്നത് ഒരു ഗ്ളാസ് വെള്ളത്തിന് 8 രൂപ. പുറത്തെ കടകളിൽ 15 രൂപയ്ക്ക് കിട്ടുന്ന ഒരു ലിറ്റർ ബോട്ടിൽ വെള്ളത്തിന് 20 രൂപ. എം. ആർ. പി 15 എന്ന് എഴുതിയിരിക്കുന്നതിന്റെ പുറത്ത് 20 രൂപയുടെ സ്റ്റിക്കർ പതിച്ചിരിക്കുന്നു. സർക്കാർ സംരക്ഷണയിലാണ് ഈ ശുദ്ധ നിയമലംഘനം നടക്കുന്നത്. എവിടെയും 20 രൂപയ്ക്ക് കിട്ടുന്ന കരിക്കിന് 25 രൂപ നൽകണം.

ഒരു ചെറു പപ്പടത്തിന്റെ വലിപ്പമുള്ള പൂരിക്ക് 10 രൂപയാണ് വില. ഇത്തരത്തിലുള്ള നാലെണ്ണം തിന്നാലും ഒന്നും ആകില്ല. ഒപ്പം വെജിറ്റബിൾ കറി വാങ്ങിയാൽ 35 രൂപ അഡീഷണൽ നൽകണം. കുറഞ്ഞ നിരക്കിൽ കുടിവെള്ളവും ഭക്ഷണവുമൊക്കെ നൽകുമെന്ന് മന്ത്രി ഗണേഷ്കുമാർ കൂടി പങ്കെടുത്ത സ്വാഗത സംഘം രൂപീകരണ യോഗത്തിൽ തീരുമാനിച്ചതാണ്. എന്നിട്ടാണിങ്ങനെ കൊള്ളയടിക്കുന്നത്.

**ഒരു ഗ്ലാസ് പച്ചവെള്ളത്തിന് എട്ടുരൂപ**



ചലച്ചിത്രമേള ആസ്വദിക്കാനെത്തിയവർ



യു.കെക്കാരി ജൂൺ ഗുവാനി ഇളനീർ ആസ്വദിക്കുന്നു

# ബുജികൾ പറയുന്നു; മൊത്തം കുഴപ്പമാണേ...

**ഭൈരവൻ**

**ച**ലച്ചിത്രമേളയിൽ ഇത്തവണ മൊത്തം കുഴപ്പമാന്നാ പറേണത്....

ഒന്നും അങ്ങോട്ട് ശരിയാകുന്നില്ല കേട്ടോ....

അല്ലെങ്കിലും നല്ല കാര്യങ്ങളൊക്കെ നമ്മുടെ മാത്രം കുത്തകയാകുമ്പോൾ ഇത് എങ്ങനെ നന്നാകാനാ.... ഒക്കെ കച്ചവട സിനിമക്കാരുടെ ഏർപ്പാടല്ലേ...

വെബ്സൈറ്റേല് രാമചന്ദ്രൻ സാർ ആഞ്ഞെഴുതിയത് വായിച്ചില്ലേ....?

അയ്യോ വായിച്ചില്ലെങ്കിൽ വായിക്കണം.

ചോര കുടിക്കാൻ പോവുകയാണെന്നാ എഴുതി വച്ചിരിക്കുന്നത്. മുസോളിനിയുടെയോ പസോളിനിയുടെയോ ഒക്കെ കാര്യങ്ങളാ പറഞ്ഞിരിക്കുന്നത്. മനസ്സിലായില്ലെങ്കിലും സമ്മതിച്ചുകൊടുക്കാതിരിക്കരുത് വായിച്ചാൽ മനസ്സിലാകാത്തത് എഴുതി നിരൂപണത്തിന് ദേശീയ അവാർഡ് വാങ്ങിച്ചയാളല്ലേ.... പിന്നെ എല്ലാത്തിനും ഔസേപ്പ് കമ്മിസാറിന്റെ അനുഗ്രഹാശിസുകളുമുണ്ടല്ലോ.... ഒന്നുമല്ലേലും പരസ്പരം പുറം ചൊറിഞ്ഞവരല്ലേ. അവാർഡിന്റെ കാര്യത്തിൽപ്പോലും എന്തൊരു ഒരുമയാ. കഴിഞ്ഞ അഞ്ചുവർഷം എന്നാ കലക്കാ... കലക്കിയത്. അക്കാഡമി നമ്മുടെ കയ്യിലല്ലായിരുന്നോ. പാർട്ടി ചിട്ടയായിരുന്നില്ലേ... എല്ലാം ഔസേപ്പിന്റെ ചിട്ട. ഔസേപ്പ് ഒരു വലിയ സംഭവം തന്നെയായിരുന്നില്ലേ.

ആ ഗണേശന് വല്ല വിവരവുമുണ്ടോ...?




സിനിമയെക്കുറിച്ച് നമുക്കറിയാവുന്ന വിവരം. മറ്റാർക്കെങ്കിലുമുണ്ടാകുമോ? ഔസേപ്പിനല്ലേ ഇത് ചോദിക്കാനാകൂ, പാസില്ലാതെ ആരും ഇക്കുറി സിനിമ കാണാതിരിക്കരുത്. ചോദിച്ചവർക്കെല്ലാം പാസ് കൊടുത്തിട്ടുണ്ട്. എം.എൽ.എ ഹോസ്റ്റലിലേക്ക് ചാക്ക് കണക്കിനാ പാസ് കൊണ്ടുപോയതെന്ന് ദോഷൈകദൃക്കുകൾ കുറ്റം പറയുന്നു.

കഴിഞ്ഞ തവണ സഖാക്കന്മാർ വിലസിയെങ്കിൽ ഞങ്ങൾ ഖദറിട്ടു ഒരു വെലസാ വെലസും... ആരുണ്ടിവിടെ ചോദിക്കാൻ. വൈകിട്ട് ബാൽക്കോണിയിൽ കൈരളി തിയേറ്ററാണേ കട്ടായം ഒറ്റ സഞ്ചിക്കാരനേയും കേറ്റത്തില്ല. സിനിമാക്കാരും ഞങ്ങളുമിരിക്കും. ഗണേശ അണ്ണൻ പറഞ്ഞപോലെ സിനിമയ്ക്കുവേണ്ടി അത്രയും സമയം ജീവിക്കുകയും ചെയ്യും.

എല്ലാംകൂടി കൊഴപ്പമായാലും മേള കേറിക്കൊഴുക്കും. ബീനചേച്ചിയുടെ കാര്യമാ കഷ്ടം. പാവം ബീനചേച്ചി. ബീന ചേച്ചിയുടെ പേരിലാ ഫെസ്റ്റിവൽ പോലും അറിയപ്പെട്ടിരുന്നത്. കാസർകോട് കഴിഞ്ഞാൽ കിംകിഡുക്കിന്റെ നാട്ടിൽപ്പോലും ബീനചേച്ചിയെ മാത്രമേ അറിയുകയുള്ളൂ. ഒള്ളകാര്യം ഒള്ളതുപോലെ പറയണമല്ലോ. ഫെസ്റ്റിവൽ നടത്താൻ ബീനചേച്ചിയെ കഴിഞ്ഞേ ആളുള്ളൂ. അക്കാഡമി ഭാരവാഹിയായിരുന്നുകൊണ്ടുതന്നെ അവാർഡ് വാങ്ങിക്കും. അങ്ങനെ നല്ല നല്ല കീഴ്വഴക്കങ്ങളുടെ ആളാണ് കേട്ടോ.... ചേച്ചിക്ക് ബന്ധപ്പെട്ട ആരെയും അവഗണിക്കുകയേയില്ല. പടം ഉണ്ടെങ്കിൽ അതും ഫെസ്റ്റിവലിൽ ഉറപ്പായിരിക്കും. ഫെസ്റ്റിവലിൽ കയറിപ്പറ്റാൻ കിണഞ്ഞു ശ്രമിച്ചവർ പണ്ടുതൊട്ടേ നോക്കിവച്ചതാണ്. നമ്മുടെ ഗവൺമെന്റ് വന്നിട്ടെങ്കിലും ഒരു മാറ്റം. എന്തായാലും അതിനുള്ള ഫെസ്റ്റിവലായി.

ഇക്കുറി ഫെസ്റ്റിവലിന്റെ കട അടയ്ക്കുമ്പോൾ ഒന്നുകിൽ ചേച്ചി സ്വയമൊഴിയും. അല്ലെങ്കിൽ അവർ മാറ്റും. ഔസേപ്പും കൂട്ടരുമില്ലാതെ അവിടെ നിന്നിട്ട് കാര്യമുണ്ടോ? ചേച്ചി ഫെസ്റ്റിവൽ കഴിഞ്ഞാൽ ഉടൻ ഒഴിയുമെന്ന പ്രചാരണം ശക്തമാണ്. മദ്രാസിലെ മോനാ ഇനി ഒരു പ്രതീക്ഷ.

അക്കാഡമിയിൽ ആകെ അലമ്പാണെന്നാണ് ഔസേപ്പ് ഇത്യാദി ബുജികളുടെ പ്രചാരണം. കഴിഞ്ഞ 5 വർഷം എത്ര കിറുകൃത്യമായിരുന്നു കാര്യങ്ങൾ എന്നോർക്കണം. ഇത് ഇങ്ങനെ നടത്താൻ സമ്മതിക്കാമോ...

പറ്റുകേല...

അതുകൊണ്ട് പരമാവധി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പഠിച്ച പണിയൊക്കെ കണ്ടുവച്ചിട്ടുണ്ട്. കാണാൻ പോകുന്ന കാര്യം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

**ഒടുവിൽ കിട്ടിയത്:** അക്കാഡമി സെക്രട്ടറിക്ക് കലശലായ നടുവേദന. നിന്ന് നിന്നുണ്ടായതാണ്.

സിനിമാക്കാർ ആരെങ്കിലും ആപ്പീസിലേക്ക് കടന്നുചെന്നാൽ സെക്രട്ടറി കസേരയിൽ നിന്ന് ഭയഭക്തി ബഹുമാനത്തോടെ ചാടിയെണീൽക്കും. ഓ.... എന്തൊരു വിനയം.

# “ഇവിടത്തെ അവിയൽ കൊള്ളാം”



**കേരളത്തിൽ ഞാനാദ്യമായാണ് ചലച്ചിത്രമേളയ്ക്കു വരുന്നത്. എൺപതുകളിൽ പല ചലച്ചിത്രമേളകളിലും ഞാൻ സജീവമായി പങ്കെടുക്കുമായിരുന്നു. ഇവിടത്തെ ആളുകളെ. ഇഡിയപ്പവും അവിയലുമൊക്കെയുള്ള ഇവിടത്തെ ഭക്ഷണം എല്ലാം ഇഷ്ടം**

സി.പി. ശ്രീഹർഷൻ

ഇന്ത്യൻ സ്ക്രീനിലെ കരുത്തുറ്റ ഇമേജ്, ഓംപുരി.

കേരളത്തിന്റെ പല മുൻകാല ചലച്ചിത്രമേളകളിലും എത്തുമെന്ന് സംഘാടകരാൽ പറഞ്ഞുകേട്ട അഭിനയപ്രതിഭയ്ക്ക് പക്ഷേ വരാനായത് ഇപ്പോൾ മാത്രം. പതിനാറാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഓംപുരിയുടെ സാന്നിദ്ധ്യം ഗാംഭീര്യം പകർന്നിട്ടുണ്ട്.

ഹോട്ടൽ ടാജ് വിവാൻഡയിലെ 521ാം നമ്പർ മുറിയിൽ സിഗരറ്റ് പുകച്ചുകൊണ്ട് ഓംപുരി സിനിമയെക്കുറിച്ചു സംസാരിച്ചു:

“ഇതിനു മുമ്പുള്ള കേരള മേളകളിലൊന്നും വരാൻ കഴിഞ്ഞില്ല. ഇത്തവണ പക്ഷേ പ്രിയന്റെ നിർബന്ധം എന്നെ ഇവിടെ എത്തിച്ചു. പ്രിയനുമായി ചില കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യാനുമുണ്ട്.”

**ലോക സിനിമാ ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞ കേരള രാജ്യാന്തര ചലച്ചിത്രമേളയെക്കുറിച്ച് എന്താണ് അഭിപ്രായം?**

ചലച്ചിത്രപ്രവർത്തകർക്കും പൊതുവിൽ സിനിമാ പ്രേമികൾക്കും ചലച്ചിത്രമേളകൾ എപ്പോഴും വലിയൊരനുഭവമാണ്. മനം കവരുന്ന ഒട്ടനവധി സിനിമകൾ, വലിയ മഹാന്മാരുടെ സിനിമകൾ ഇതെല്ലാം ഒരു കുടക്കീഴിൽ കാണാനുള്ള അവസരമൊരുങ്ങുകയല്ലേ.

കേരളീയർ വിദ്യാഭ്യാസപരമായും ചിന്താപരമായും ഔന്നത്യത്തിൽ നിൽക്കുന്നവരാണ്. കഥകളി പോലെ, വളരെ ശാസ്ത്രീയമായ നൃത്തരൂപങ്ങളുടെ നാടാണ് കേരളം. ഒരുപാട് നല്ല ചലച്ചിത്രകാരന്മാരെ നിങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കലാമികവുള്ള കുറേ നല്ല സിനിമകൾ ഇവിടെ നിർമ്മിക്കപ്പെട്ടിട്ടുമുണ്ട്. ചലച്ചിത്ര അക്കാഡമി വരും മുമ്പേ, കൃഷ്ണമൂർത്തിയുടെ സൂര്യ ഇവിടെ ചെറിയതോതിലെങ്കിലും ഫിലിംമേള നടത്തിവരുന്നതല്ലേ.

കേരളത്തിൽ ഞാനാദ്യമായാണ് ചലച്ചിത്രമേളയ്ക്കു വരുന്നത്. എൺപതുകളിൽ പല ചലച്ചിത്രമേളകളിലും ഞാൻ സജീവമായി പങ്കെടുക്കുമായിരുന്നു. ഇപ്പോൾ കുറവാണ്. കേരളത്തെ ഞാനിഷ്ടപ്പെടുന്നു. ഇവിടത്തെ ആളുകളെ. ഇഡിയപ്പവും അവിയലുമൊക്കെയുള്ള ഇവിടത്തെ ഭക്ഷണം എല്ലാം.

അടൂർ, അരവിന്ദൻ, ഷാജി ഇവരുടെയൊക്കെ നല്ല സിനിമകൾ ഇവിടെ ഉണ്ടായി. ലണ്ടനിലുള്ള മലയാളിയായ ഉദയൻപ്രസാദ് എന്ന ചലച്ചിത്രകാരനെയും എനിക്കിഷ്ടമാണ്. അദ്ദേഹത്തോടൊപ്പം രണ്ടു സിനിമകളിൽ ഞാൻ പ്രവർത്തിച്ചു. മൈ സൺ ഫനാറ്റിക്, ബ്രദേഴ്സ് ഇൻ ഡെവിൾ എന്നിവ.

**മലയാള സിനിമകൾ ഇപ്പോൾ കാണാറുണ്ടോ?**

ഇല്ല. മുംബയിൽ എനിക്ക് അതിനുള്ള സാഹചര്യങ്ങളില്ല. ഇപ്പോഴത്തെ മലയാള സിനിമാപ്രസ്ഥാനവുമായി എനിക്ക് അതുകൊണ്ട് ബന്ധവുമില്ല.

**‘പുരാവൃത്തം’ ആണ് ഓംപുരി അഭിനയിച്ച ഒരേയൊരു മലയാളചിത്രം. എങ്ങനെയായിരുന്നു ആ അനുഭവം?**

‘പുരാവൃത്തം’ ഒരു നല്ല അനുഭവമായിരുന്നു. ഒരു ഉത്തരേന്ത്യക്കാരനായ എനിക്ക് മലയാളഭാഷ വളരെ ബുദ്ധിമുട്ടേറിയതായിരുന്നു. വയനാട്ടിലെ കാട്ടിനുള്ളിലും കല്പറ്റയിലുമായിരുന്നു അതിന്റെ ചിത്രീകരണം. ആ കാടനുഭവം വളരെ മനോഹരമായിരുന്നു. രേവതി ആയിരുന്നു എനിക്കൊപ്പം അന്ന് അഭിനയിച്ചത്.

**എങ്ങനെയാണ് ‘പുരാവൃത്ത’ത്തിന്റെ ഭാഗമാവുന്നത്?**

ലെനിൻ രാജേന്ദ്രൻ എന്നെ വിളിക്കുകയായിരുന്നു. ഞാൻ പറഞ്ഞു, നിങ്ങളുടെ ഭാഷ എനിക്കു വഴങ്ങില്ലെന്ന്. പക്ഷേ അതൊന്നും കുഴപ്പമില്ലെന്ന് ലെനിൻ ഉറപ്പ് പറഞ്ഞു. സ്ക്രിപ്റ്റ് എനിക്ക് വളരെ ആകർഷകമായി തോന്നി.

**പിന്നീട് മലയാളസിനിമയിൽ സഹകരിക്കണമെന്ന് തോന്നിയിട്ടില്ലേ?**

അങ്ങനെ ആഗ്രഹിച്ചിട്ടില്ല. കാരണം മലയാള ഭാഷ എനിക്ക് ഒട്ടും വഴങ്ങാത്ത ഒന്നാണ്.

**ഇന്ത്യൻ സിനിമയുടെ അവസ്ഥ എങ്ങനെ?**

ഇന്ത്യയിൽ സാധാരണ വാണിജ്യ സിനിമകൾക്കൊപ്പം സാമൂഹ്യപ്രതിബദ്ധതയോടെ സിനിമകളും ചിലർ നിർമ്മിക്കുന്നുണ്ട്. ചിലർ നല്ല വിനോദസിനിമകൾ ഉണ്ടാക്കുന്നു. ഫർഹാൻ അക്തർ, വിശാൽ ഭരദ്വാജ്, വിനോദ് ചോപ്ര തുടങ്ങിയവർ. അതേസമയം, പ്രകാശ്ഝായെ പോലുള്ളവർ സാമൂഹ്യപ്രസക്തമായ സിനിമകളും ഒരുക്കുന്നു. പക്ഷേ, പ്രശ്നം സാമൂഹ്യപ്രസക്തമായ സിനിമകളുടെ എണ്ണം കുറവാണ് എന്നതാണ്. എൺപതുകളിൽ ഇത്തരം സിനിമാപ്രസ്ഥാനം വളരെ ശക്തമായിരുന്നു.

ജീവിതത്തിൽ വിനോദം അവിഭാജ്യഘടകം തന്നെ. എന്നാൽ ഒരു വിനോദോപാധി എന്ന നിലയിൽ മാത്രം സിനിമയെ ചുരുക്കുന്നത് നിർഭാഗ്യകരമാണ്. ഇതൊരു ശക്തമായ മാധ്യമമാണ്. കരുത്തുറ്റ ഈ മാധ്യമത്തെ ജനങ്ങളെ പ്രബുദ്ധരാക്കാനും അവരെ ബോധവത്കരിക്കാനും നമ്മുടെ പാരമ്പര്യങ്ങളെ സജീവമാക്കി നിറുത്താനും മറ്റും ഉപയോഗിക്കുകയാണ് വേണ്ടത്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഒരു ദേശീയ അസ്തിത്വം കെട്ടിപ്പടുക്കാൻ സിനിമ എന്ന മാധ്യമത്തിന് കഴിയണം.

**പുതിയ സാങ്കേതികവിദ്യകളുടെ സ്വാധീനം സിനിമയ്ക്കു ഗുണമായോ?**

സാങ്കേതികവിദ്യയുടെ പുരോഗതി സിനിമയെയും മെച്ചപ്പെടുത്തിയിട്ടുണ്ട്. സിനിമകൾ കൂടുതൽ സ്റ്റൈലിഷ് ആയി. ഇതൊരു തരത്തിൽ നല്ലതു തന്നെയാണ്. കരൺ ജോഹർ, ഫർഹാൻ അക്തർ തുടങ്ങിയവർ അന്താരാഷ്ട്ര നിലവാരമുള്ള സിനിമകൾ ഒരുക്കുന്നവരാണ്.

**പ്രിയദർശനെക്കുറിച്ച് എന്തു പറയുന്നു?**

പ്രിയൻ വളരെ മികച്ചൊരു ഫിലിംമേക്കറാണ്. വളരെ നർമ്മബോധമുള്ള ഒരു ചലച്ചിത്രകാരൻ. എന്റെ സിനിമാജീവിതത്തിൽ കണ്ടവരിൽ ഏറ്റവും വേഗതയേറിയ ചലച്ചിത്രകാരനാണ് പ്രിയദർശൻ. ഇത്രയും കുറഞ്ഞ കാലത്തിനിടയിൽ ഇത്രയധികം സിനിമകൾ സംവിധാനം ചെയ്തിട്ടുള്ളവരിൽ ആദ്യത്തെയാൾ പ്രിയനായിരിക്കും.

**ബോളിവുഡ് സിനിമകളെ മാറ്റിനിറുത്തിയാൽ പ്രാദേശികഭാഷാ ചിത്രങ്ങൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്? ഭാഷാ ചിത്രങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോ?**

ദക്ഷിണേന്ത്യയിൽ പ്രതിസന്ധി ഇല്ലെന്ന് പറയാം. ഉത്തരേന്ത്യയിൽ പക്ഷേ സ്ഥിതി മറിച്ചാണ്. ഹിന്ദി സിനിമകൾ എല്ലായിടത്തുമുണ്ട്. പക്ഷേ പഞ്ചാബി, മറാത്തി, ഗുജറാത്തി, ബംഗാളി, ആസ്സാമീസ് ചിത്രങ്ങൾ സ്വന്തം സംസ്ഥാനത്ത് മാത്രം വിപണി തേടേണ്ടി വരുമ്പോൾ അവർ നേരിടുന്ന ബുദ്ധിമുട്ട് വലുതാണ്. ദക്ഷിണേന്ത്യയിൽ അതല്ല സ്ഥിതി. ഇവിടെയുള്ള നാല് സംസ്ഥാനങ്ങളിലും സിനിമകൾ പരസ്പരം എക്സ്ചേഞ്ച് ചെയ്യപ്പെടുമ്പോൾ അവയ്ക്കു വിപണി കിട്ടുന്നുണ്ട്. മലയാള സിനിമ തമിഴിലോ തെലുങ്കിലോ ഡബ്ബ് ചെയ്ത് അവതരിപ്പിക്കപ്പെടുന്നത് ഗുണകരമാണ്.

കേരളത്തിലെ രാജ്യാന്തര ചലച്ചിത്രമേളയിൽ ഇതാദ്യമായി മത്സരവിഭാഗത്തിൽ ഇക്കുറി മലയാള സിനിമകൾ ഉൾപ്പെട്ടിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയപ്പോൾ നിർഭാഗ്യകരമെന്ന് ഓംപുരി പ്രതികരിച്ചു. പക്ഷേ ഇവിടെ മേളയിൽ ‘മലയാള സിനിമ ഇന്ന്’ എന്ന വിഭാഗമുള്ളത് നല്ലതു തന്നെ– അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ ചലച്ചിത്രമേളകൾ ഇന്ത്യൻ സിനിമകൾക്ക് കൂടുതൽ അവസരമൊരുക്കാനുള്ള വേദികളാണ്. അത് അങ്ങനെ തന്നെയാവണം.

ഇന്ന് രാവിലെ ചില സിനിമകൾ കണ്ട്, വൈകിട്ടു തന്നെ മുംബയ്ക്കു മടങ്ങാനാണ് ഓംപുരിയുടെ തീരുമാനം. സമീർ കാർണിക് ഒരുക്കുന്ന ‘ചാർദിൻ കീ ചാന്ദ്നി’ എന്ന സിനിമയുടെ ചിത്രീകരണമുണ്ട്.



ചലച്ചിത്രപ്രവർത്തകരായ ഇടവേളബാബു, വിനുമോഹൻ, ജയകൃഷ്ണൻ, സോനാനായർ എന്നിവർ കൈരളി തിയേറ്ററിനുമുന്നിൽ



കൈരളി തിയേറ്ററിൽ നിന്നും ചിത്രം കണ്ടിറങ്ങുന്ന വിദ്യാർത്ഥിനികൾ